IT Section



UNSTARRED ON 03-04-13

# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3017

03.04.2013 ലെ മറുപടിക്ക്

## എൻ. കെ. എ. ഇൻഷ്വറൻസ് കാർഡ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അൻവർ സാദത്ത്:<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:<br>ശ്രീ. ഷാഫി പറമ്പിൽ:<br>ശ്രീ. എം. പി. വിൻസെന്റ്: | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പു മന്ത്രി) |
| (എ) മറ്റ് സംസ്ഥാനങ്ങളിലെ പ്രവാസി മലയാളികൾക്കായി എൻ. കെ. എ ഇൻഷ്വറൻസ് കാർഡ് നൽകുന്ന പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) അന്യ സംസ്ഥാന മലയാളികൾക്ക് തിരിച്ചറിയൽ രേഖ എന്ന നിലയിൽ നോർക്ക റൂട്ട്സ് നിലവിൽ എൻ. ആർ. കെ. ഇൻഷ്വറൻസ് കാർഡ് എന്ന പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. 18 വയസ്സ് തികഞ്ഞവരും രണ്ട് വർഷമോ, അതിൽ കൂടുതലോ കേരളത്തിന് പുറത്ത് (ഇന്ത്യയ്ക്ക് അകത്ത്) ജോലി ചെയ്ത് വരുന്നവർ അല്ലെങ്കിൽ സ്ഥിരം താമസിക്കുന്നവർക്ക് 300 രൂപ അടച്ച് ഈ പദ്ധതിയിൽ അംഗമാകാവുന്നതാണ്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | (ബി) അന്യ സംസ്ഥാന മലയാളിയാണ് എന്നതിന് ഒരു തിരിച്ചറിയൽ രേഖയായി ഈ കാർഡ് ഉപയോഗിക്കാവുന്നതാണ്. നോർക്ക - റൂട്ട്സിന്റെ സഹായ പദ്ധതികളിൽ നിന്നും ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ഈ കാർഡ് തിരിച്ചറിയൽ രേഖയായി ഉപയോഗിക്കാം. കൂടാതെ 2 ലക്ഷം രൂപ വരെ അടിയന്തിര അപകട ഇൻഷുറൻസ് ലഭിക്കുന്നതിനും ഈ കാർഡ് ഉപകരിക്കുന്നതാണ്. |

| | |
|---|---|
| (സി) കാർഡുടമയ്ക്ക് എന്തെല്ലാം ഇൻഷ്വറൻസ് പരിരക്ഷയാണ് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (സി) അപകട മരണം, സ്ഥിരം/പൂർണ്ണ അംഗ വൈകല്യം എന്നിവയ്ക്ക് പരമാവധി രണ്ടു ലക്ഷം രൂപ വരെ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും. ഭാഗികമായ അംഗവൈകല്യത്തിന് ഒരു ലക്ഷം രൂപ വരെ ലഭിക്കും. 3 വർഷത്തേയ്ക്ക് പ്രീമിയം 300 രൂപയാണ്. |
| (ഡി) കാർഡുകൾ ലഭിക്കാനുള്ള അപേക്ഷകൾ സ്വീകരിക്കുന്ന വിധം വിശദമാക്കുമോ? | (ഡി) നിശ്ചിത അപേക്ഷ പൂരിപ്പിച്ച് നോർക്ക-റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന 300 രൂപയുടെ ഡി ഡി സഹിതം നോർക്ക റൂട്ട്സ് ഹെഡ് ഓഫീസ്, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ റീജിയണൽ ഓഫീസുകൾ, ഡൽഹി, മുംബൈ, ബാംഗ്ലൂർ, ചെന്നൈ, ബറോഡാ, ഹൈദരാബാദ് എന്നീ സ്ഥലങ്ങളിൽ ഉള്ള നോർക്ക റൂട്ട്സിന്റെ ഡവലപ്പ്മെന്റ് & സാറ്റലൈറ്റ് ഓഫീസുകൾ എന്നിവിടങ്ങളിൽ സമർപ്പിക്കാവുന്നതും പ്രസ്തുത ഓഫീസുകൾ മുഖാന്തിരം ഇൻഷ്വറൻസ് കാർഡ് വിതരണം ചെയ്യുന്നതുമാണ്. അപേക്ഷാ ഫോറം നോർക്ക - റൂട്ട്സിന്റെ www.norkaroots.net എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. |

സെക്ഷൻ ഓഫീസർ